കവിതകൾ



# പി പി രാമചന്ദ്രൻ

## ഉള്ളടക്കം

മാമ്പഴക്കാലം
കാണെക്കാണെ
ലളിതം
പട്ടാമ്പിപ്പുഴമണലിൽ



©
www.harithakam.com
2005

# മാമ്പഴക്കാലം

1
'പറയൂ നാട്ടിൻപുറ-
ത്തുള്ള മാങ്ങകൾക്കെല്ലാം
രുചി ഈ മാംഗോഫ്രൂട്ടി-
യ്ക്കുള്ളപോലാണോ?'

കൊച്ചുമകൾ ചോദിച്ചു മഞ്ഞ-
ദ്രാവകം കുഴൽവഴി
നുണയുംനേരം, ചിത്ര
ശലഭംപോലെൻ ചാരെ.

പറയാനാമോ രുചി
ഭേദങ്ങൾ? ഈയച്ഛനും
മകളേ, നീയും തമ്മിൽ
എത്ര മാമ്പഴക്കാല-
മകലം ശരീരത്തിൽ
മനസ്സിൽ, രുചിയിലും.
അറിയുംതോറും നിന-
ക്കെന്നെയും പുളിച്ചിടാം.

എങ്കിലും നിൻ കൗതുക-
ത്തിന്റെ പീലിക്കണ്ണിപ്പോൾ
എൻ മനസ്സിനെയൊരു
വണ്ടാക്കി മാറ്റുന്നല്ലോ

ഓടുന്ന തീവണ്ടിതൻ
ജാലകംവഴിയിതാ
ഞാൻ മൂളിപ്പറക്കുന്നു
മാമ്പഴക്കാലം തേടി.
2
ആർക്കുമേ വഴങ്ങാത്ത
മാവുകൾ, ഇച്ഛയ്ക്കൊത്തു
ശാഖകൾ കുലച്ചവർ,
വേരുകൾ പടർത്തിയോർ



©
www.harithakam.com
2005

ചകിര്യേൻ, ചക്കേൻ, മുട്ടി-
ക്കുടിയേൻ, മൂവാണ്ടൻ, തേ-
നൊലിയേൻ എന്നിങ്ങനെ
പഴഞ്ചൻ പേരാർന്നവർ.

ചുണയന്മാരാം നാട്ടു-
കാര്യസ്ഥപ്രമാണിമാർ,
തണലേ തനിയ്ക്കുള്ള
ധനമെന്നെണ്ണുന്നവർ,

അവരാണല്ലോ പച്ച-
ക്കോലവും കെട്ടിക്കൊണ്ടീ
കരയൊക്കെയും കാവായ്
മാറ്റിയ തെയ്യങ്ങളും.

അറിയില്ലവരെ നിൻ
പട്ടണത്തിലെപ്പാത-
യ്ക്കരികിൽ കൃനില്ക്കുന്ന
കമ്പിക്കാലുകൾക്കൊന്നും.

അറിയില്ലവയ്ക്കേഴും
കനികൾ ചുരത്തുന്ന
ചുണയും ചൂരും നിന്റെ
മിഠായിത്തെരുവിന്നും.

3

കുതിച്ചാലരണ്ണാനെപ്പോ-
ലുയരും കാലങ്ങളിൽ,
മുറിഞ്ഞാൽ പഴച്ചാറു
പൊടിയ്ക്കും ബാല്യങ്ങളിൽ,

ഓരോരോ മാവും പൂത്ത-
തോരോരോ വസന്തങ്ങൾ,
ഓരോരോ കൊമ്പും കായ്ച്ച-
തോരോരോ മധുരങ്ങൾ.

ഒറ്റമാമ്പഴം മുട്ടി-



©
www.harithakam.com
2005

ക്കുടിയ്ക്കേ, വീണ്ടും വീണ്ടും
വ്യത്യസ്ത മധുരങ്ങൾ
നുണഞ്ഞൂ രസനകൾ.

കേവലമൊരു തുള്ളി
കിട്ടിയാൽപ്പോരും; രസ-
രാജിയാൽ മഴവില്ല്
വിടർത്തും ജിഹ്വാഞ്ചലം

അത്രമേൽ തീക്ഷ്ണങ്ങളാം
നാവുകളത്രേ പിന്നെ
മിഠായിപ്പൊതിക്കായി
പണയംവെച്ചൂ നമ്മൾ.

വെറുതേ മധുരിക്കും
രാസമാധുര്യത്തിന്നായ്
പകരംകൊടുത്തതീ
ദിവ്യമാം രസവിദ്യ.
4
അവസാനത്തെ മധു
കണവും വലിച്ചീമ്പി
യെറിയും നേരം മാങ്ങ-
യണ്ടിക്കു തുണപോകാ-
നൊരുവൻ വേണം; നാളെ
ആ വിത്തു മുളയ്ക്കണം,
തണലും തേനും കനി-
ഞ്ഞരുളാൻ തുണയ്ക്കണം,

പിന്നെയും മുളയ്ക്കണം
കായ്ക്കണം; മരിച്ചാലും
പിന്നെയും തളിർക്കണം
ജീവിതം; എന്നാലിന്നു
മകളേ, പുറത്തേയ്ക്കു
നീയിപ്പോഴെറിഞ്ഞൊരീ
മധുരക്കുടിന്നൊപ്പം
പൊള്ളയാണത്രേ നമ്മൾ.



©
www.harithakam.com
2005

വാങ്ങുക, കുടിക്കുക
പുറത്തേയ്ക്കെറിയുക
ജീവിതം നിറച്ചൊരി-
ക്കുട്ടുകൾ നാളേയ്ക്കില്ല.
1993

ഉള്ളടക്കം



©
www.harithakam.com
2005

# കാണെക്കാണെ

സിഗ്നൽ മാറിപ്പോയതിനാൽ
പാളംതെറ്റിപ്പോയ ഒരു തീവണ്ടി
പുലർച്ചെ
പാടത്തേയ്ക്കിറങ്ങുന്ന
കുണ്ടനിടവഴിയിൽ
വന്നു നിന്നു.

ബ്രേക്കിട്ടപ്പോൾ
അപരിചിതമായ
ഇരുമ്പുചക്രങ്ങളുടെ
അലർച്ച കേട്ട്
നായ്ക്കൾ കുര തുടങ്ങി

പൂച്ചകൾ
ജാഗ്രതയുടെ
രോമവില്ലു കുലച്ചു

കീയോ കീയോ കൗതുകങ്ങളെ
ചിറകിൻ കീഴിലൊതുക്കി
ഗ്രാമം തലപൊക്കിനോക്കി.

വേലിമുള്ളും
മരക്കൊമ്പുകളും തട്ടി
ഏ സി സ്ലീപ്പർകോച്ചുകളുടെ
പുറംതൊലി
അങ്ങിങ്ങു കീറിയിരുന്നു.

റിസർവ്വേഷൻ കമ്പാർട്ടുമെന്റിന്റെ
പുറത്തൊട്ടിച്ച ചാർട്ടുനോക്കി
ഒരണ്ണാൻ
ഉറക്കെ പേരുകൾ വായിക്കുകയാണ്.

ദീർഘയാത്രയുടെ മുഷിച്ചിലോടെ
കോട്ടുവായിട്ടുകൊണ്ട്



©
www.harithakam.com
2005

നിർത്തിയിട്ട സ്റ്റേഷൻ
ഏതെന്നു നോക്കാനായി
ഒരു കെട്ട നാറ്റം
വാതിൽക്കലെത്തി.

സിഗ്നൽ കാത്തുകാത്ത്
മടുത്ത എഞ്ചിൻഡ്രൈവർ
തൊട്ടടുത്ത പറമ്പിലേയ്ക്കു ചാടി
ഒരു പഴക്കടയ്ക്ക പെറുക്കിവന്ന്
ചെല്ലം തുറന്നു.

കാണെക്കാണെ
കൗതുകംപോയി
എല്ലാം പരിചിതമായി.

മണപ്പിച്ചും മൂത്രിച്ചും
നായ്ക്കൾ വണ്ടി
വീട്ടുകോലായയാക്കി.

ഞെളിഞ്ഞും ചുരുണ്ടും
പൂച്ചകൾ ബർത്ത്
അടുപ്പുതിണ്ണയാക്കി.

കൂറ്റൻബോഗികൾക്കടിയിൽനിന്നും
കീയോ കീയോ
കേട്ടുതുടങ്ങി.

പിന്നീടെപ്പോഴാണ്
സിഗ്നൽ കിട്ടിയതെന്നറിയില്ല;
ദൂരെ, തോട്ടുവരമ്പത്തുകൂടെയുണ്ട്
അതു പോകുന്നു.

ആവിയോ
പുകയോ
ശബ്ദമോ ഇല്ല.



©
www.harithakam.com
2005

ഒരുകൂട്ടം ഉറുമ്പുകൾ
വലിച്ചുകൊണ്ടുപോവുകയാണ്
അതിനെ.
1997

ഉള്ളടക്കം



©
www.harithakam.com
2005

# ലളിതം

ഇവിടെയുണ്ടുഞാൻ
എന്നറിയിക്കുവാൻ
മധുരമാമൊരു
കൂവൽ മാത്രം മതി

ഇവിടെയുണ്ടായി-
രുന്നു ഞാനെന്നതി-
ന്നൊരു വെറും തൂവൽ
താഴെയിട്ടാൽ മതി

ഇനിയുമുണ്ടാകു-
മെന്നതിൻ സാക്ഷ്യമായ്
അടയിരുന്നതിൻ
ചൂടുമാത്രം മതി

ഇതില്പമേറെ
ലളിതമായ് എങ്ങനെ
കിളികളാവി-
ഷ്കരിക്കുന്നു ജീവനെ?
1998

ഉള്ളടക്കം



©
www.harithakam.com
2005

# പട്ടാമ്പിപ്പുഴമണലിൽ

പട്ടാമ്പിപ്പുഴമൂളും
പാട്ടുംകേട്ടൊരുനാളിൽ
വെറുതേയിത്തിരിനേരം
മണലിൽ ഞാനിളവേല്ക്കേ

വെയിലാറി വരുന്നുണ്ട്
കുളിർകാറ്റിനു കനിവുണ്ട്
ഇരുകരയിൽ തൈത്തെങ്ങുകൾ
മുടികോതി നില്പുണ്ട്

വെറുതെയിരിക്കുമ്പോഴെൻ
വിരലോരോന്നെഴുതുകയായ്
മണലുഴുതു മറിക്കുകയായ്
മലയാളം തെളിയുകയായ്

അത്ഭുതമെൻ വിരലേതോ
നഗ്നതയിൽ തൊട്ടതുപോൽ
മണലിളകുന്നിക്കിളിയാൽ
ഉടലൊന്നു കുടഞ്ഞതുപോൽ

കുതുകത്തോടവിടത്തെ
മണൽ മാന്തിയൊഴിച്ചപ്പോൾ
ഒരു സുന്ദരിയുണ്ടടിയിൽ
കനവുണ്ടു കിടക്കുന്നു

ഉടുതുണിയില്ലുടലിൽ മിഴി
യിണപൂട്ടി മയങ്ങുന്നു
നിറമാറിൽ ചെവിചേർക്കേ
ഹൃദയമിടിപ്പറിയുന്നു

പൊരുളറ്റ കടംകഥയോ
പുഴ പെറ്റൊരു പൂമകളോ
മൊഴിയിൽ പകരാനാവാ-
ത്തൊരു ഭാവനിഗൂഢതയോ



©
www.harithakam.com
2005

അവളുണരുന്നതു കാത്തി-
ട്ടരികത്തു കിടന്നൂ ഞാൻ
ഇരവേറിവരുന്നുണ്ട്
നനവാർന്നൊരു കാറ്റുണ്ട്

അറിയാതെയുറങ്ങിപ്പോയ്
ഞൊടിനേരം-ഉണർന്നപ്പോൾ
തെളിവാർന്ന നിലാവുണ്ട്
കരയിൽ കരിനിഴലുണ്ട്

അവളരികത്തില്ലവിടെ
മണൽനീങ്ങിയ കുഴിയുണ്ട്
കുഴിയിൽച്ചെളിവെള്ളത്തിൽ
മുഴുതിങ്കൾത്തെളിയുണ്ട്

അകലെക്കണ്ടേനപ്പോൾ
ഉടലാർന്ന നിലാവൊളിയെ
അവളോ പുഴയോളത്തിൽ
നിലയില്ലാതാഴത്തിൽ

അരുതെന്നു വിലക്കീ ഞാ-
നലറിക്കൊണ്ടെന്നാലും
അരയോളം മാറോളം
പുഴയിൽത്താണവസാനം

അവളൊന്നു തിരിഞ്ഞെന്നെ-
ക്കടമിഴിയാലുഴിയുകയായ്
അതുമാത്രം പിന്നീടാ
മണൽവിഗ്രഹമലിയുകയായ്

പൊളിയല്ലിതു് പിറ്റേന്നാ-
പ്പുഴയിൽനിന്നൊരു പെണ്ണിൻ
ജഡവുംകൊണ്ടൊരു ലോറി
കയറിപ്പോയതു കണ്ടൂ.
1998

ഉള്ളടക്കം

ഹരിതകം
മലയാള
കവിതാ
ജാലിക

©
www.harithakam.com
2005

ഹ രി ത കം
മ ല യ ാ ള
ക വി ത ാ
ജ ാ ലി ക

©
www.harithakam.com
2005